പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉൽപ്പാദനവും എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട്

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരമുള്ളത്]

2015 ജൂലൈ 15-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2015

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

**ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉൽപ്പാദനവും**
**എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട്**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരമുള്ളത്]

755/2015.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, എം.എൽ.എ.

ശ്രീമതി ജമീലാ പ്രകാശം, ,,

ശ്രീ. ജെയിംസ് മാത്യു, ,,

,, ഇ. പി. ജയരാജൻ, ,,

,, സി. മോയിൻകുട്ടി, ,,

,, എസ്. ശർമ്മ, ,,

,, എം. വി. ശ്രേയാംസ് കുമാർ, ,,

,, പി. തിലോത്തമൻ, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

## അവതാരിക

"ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉല്പാദനവും" എന്ന വിഷയം സംബന്ധിച്ച് വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)-ന്റെ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം വിപുലമായ പൊതുതാൽപ്പര്യാർത്ഥം സർക്കാർ പ്രവർത്തനങ്ങളുടെ നിർദ്ദിഷ്ട വ്യാപ്തിയെയോ അല്ലെങ്കിൽ പൊതുക്ഷേമത്തെ ലാക്കാക്കിയുള്ള പദ്ധതിയെയോ ആസൂത്രണത്തെയോ, സംരംഭത്തെയോകുറിച്ചുപഠിച്ച് റിപ്പോർട്ട് സമർപ്പിക്കാവുന്നതാണ്. ആയതുപ്രകാരം "ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യഉൽപ്പാദനവും" എന്ന വിഷയത്തിന്മേൽ കൃഷി വകുപ്പുദ്യോഗസ്ഥരുമായി 27-8-2014-ലെ യോഗത്തിൽ സമിതി നടത്തിയ ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2015 ജൂലൈ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2015 ജൂലൈ 2.

# റിപ്പോർട്ട്

രാസകൃഷിയിലൂടെ വിളയിക്കുന്ന ഉൽപ്പന്നങ്ങൾ ഒട്ടേറെ ആരോഗ്യപ്രശ്നങ്ങൾക്കും പരിസ്ഥിതി പ്രശ്നങ്ങൾക്കും കാരണമായിത്തീരുകയാണ്. മനുഷ്യന്റെ ആരോഗ്യത്തിനും രോഗപ്രതിരോധശക്തിക്കും ഒരു ദിവസം 300 ഗ്രാം പച്ചക്കറിയെങ്കിലും ഭക്ഷിച്ചിരിക്കണമെന്നാണ് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ നിർദ്ദേശം. എന്നാൽ കേരള ജനതയുടെ പച്ചക്കറി ഉപയോഗം ശരാശരി 50-100 ഗ്രാം മാത്രമാണ്. മനുഷ്യന്റെ ആരോഗ്യസംരക്ഷണത്തിന് പോഷകകലവറയായ പച്ചക്കറിയുടെ ഉപയോഗം അനിവാര്യമായി തീർന്നിരിക്കുന്നു. ഇന്ന് വിപണിയിൽ നിന്നും ലഭിക്കുന്ന പച്ചക്കറികളിൽ ആരോഗ്യത്തിനും ആയുസിനും ഹാനികരമായ വിഷവസ്തുക്കൾ അടങ്ങിയിരിക്കുന്നു. വിഷലിപ്തമായ പച്ചക്കറികളിൽ നിന്നും പഴങ്ങളിൽ നിന്നും നാം മുക്തിനേടേണ്ട സമയം വൈകിക്കഴിഞ്ഞിരിക്കുന്നു. അതിലേക്കുള്ള എളുപ്പവഴി എന്തിനും ഏതിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന പ്രവണത അവസാനിപ്പിച്ച് സ്വന്തം മണ്ണിലേക്ക് തിരിയുക എന്നതാണ്. അതുമാത്രം പോരാ, ആരോഗ്യത്തെ തകർത്ത് രോഗം ക്ഷണിച്ചുവരുത്തുന്ന കീടനാശിനികളും രാസവളവും ഒഴിവാക്കിയുള്ള കൃഷിരീതികൾ അവലംബിക്കുകയും വേണം. ജൈവകൃഷിയിലേക്കുള്ള ബുദ്ധിപൂർവ്വമായ ചുവടുവയ്പാണ് കേരളത്തിന്റെ ആരോഗ്യം കാത്തുസൂക്ഷിക്കുന്നതിന് അത്യന്താപേക്ഷിതം.

2. ബ്രിട്ടീഷുകാരനായ സർ റോണാർട്ട് ഗോവാഡ് ആണ് ജൈവകൃഷിയുടെ ഉപജ്ഞാതാവ്. വ്യവസായവൽക്കരണത്തിന്റെ ഭാഗമായി നഗരങ്ങളിൽ മാലിന്യങ്ങൾ കുന്നുകൂടിയപ്പോൾ ഈ മാലിന്യങ്ങൾ ഉപയോഗിച്ച് കാർഷികരീതി പരിഷ്കരിച്ചതാണ് ജൈവകൃഷിക്ക് നിമിത്തമായത്. പരിസരമലിനീകരണം കുറയ്ക്കാനും ഗുണമേന്മയുള്ള വിളകൾ ലഭിക്കുവാനും തുടങ്ങിയപ്പോൾ ജൈവകൃഷിക്ക് പ്രാധാന്യമേറി. രാസവളങ്ങളില്ലാതെയും കീടനാശിനികൾ പ്രയോഗിക്കാതെയും പ്രകൃതിദത്തമാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതിയാണ് ജൈവകൃഷിയിൽ ചെയ്യുന്നത്.

3. ജലം, മണ്ണ് എന്നിവയുടെ സംരക്ഷണം ഉറപ്പുവരുത്തി ഭൂമിയുടെ മാംസമായ മണ്ണിന്റെ സഹജമായ പോഷകഗുണങ്ങളും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതുവഴി കൃഷി സുസ്ഥിരവും ലാഭകരവുമാക്കുക, രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം കഴിയുന്നത്ര ഒഴിവാക്കി വിഷവിമുക്തമായ

കാർഷികോല്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് മനുഷ്യന്റെ ആരോഗ്യവും ജൈവസുരക്ഷിതത്വവും, ഭക്ഷ്യപോഷകഗുണ സുരക്ഷിതത്വവും ഉറപ്പുവരുത്തുക, ജൈവ-വൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി സൗഹൃദകൃഷി പ്രോത്സാഹിപ്പിക്കുക, കൃഷിയുമായി ബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക എന്നിവ ജൈവകൃഷി പ്രോത്സാഹനം വഴി കൃഷി വകുപ്പ് ലക്ഷ്യമിടുന്നതായും ഇതിന്റെ ഭാഗമായി ജൈവവളങ്ങളുടെ കൂടുതൽ ഉപയോഗം, കീടരോഗനിയന്ത്രണത്തിന് ജൈവിക മാർഗ്ഗങ്ങളുടെ ഉപയോഗം എന്നിവയ്ക്ക് ഊന്നൽ നൽകി ബോധവൽക്കരണവും പ്രോത്സാഹനവും നൽകിവരുന്നതായും ജൈവോല്പന്നങ്ങൾക്ക് നല്ല വിലയും, വിപണിയും ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നതായും സമിതി മനസ്സിലാക്കുന്നു.

4. മൃഗപരിപാലനം, ക്ഷീരോല്പാദനം, കോഴി വളർത്തൽ, പന്നി വളർത്തൽ, വനവൽക്കരണം, തേനീച്ച വളർത്തൽ എന്നിവയെല്ലാം കൂടിചേർന്ന സമഗ്ര സമീപനമാണ് ജൈവകൃഷിയെന്നും കന്നുകാലിവളർത്തൽവഴി ഭൂമിയുടെ ഫലപുഷ്ടി വർദ്ധിക്കുന്നതിനും കർഷകന്റെ വരുമാന വർദ്ധനവിനും സാധ്യമാകുന്നുവെന്നും വർദ്ധിച്ച ഉൽപ്പാദനം, വൈവിധ്യവൽക്കരണം പ്രകൃതി വിഭവങ്ങളുടെ സംരക്ഷണം, ഋണമുക്തമായ വർദ്ധിച്ച വരുമാനം എന്നിവവഴി ജൈവകൃഷി കൂടുതൽ ഭക്ഷ്യവസ്തു ലഭ്യതയ്ക്ക് കർഷകരെ പ്രാപ്തരാക്കുന്നുവെന്നും സമിതി വീക്ഷിക്കുന്നു.

5. പച്ചക്കറികളിൽ മാരകമായ കീടനാശിനികളുടെ അവശിഷ്ടങ്ങൾ അളവിൽ കൂടുതലുണ്ടോയെന്ന് അറിയുന്നതിനായി പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും പരിശോധനാഫലം കർഷകർക്കും പൊതുജനങ്ങൾക്കും പ്രയോജനകരമാകുന്ന വിധത്തിൽ പ്രസിദ്ധീകരിക്കുകയും കൂടാതെ "സേഫ് ടു ഈറ്റ്" പദ്ധതി പ്രകാരം ഹോർട്ടികോർപ്പ് ഇത്തരം ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഒരു കോർണർ തിരുവനന്തപുരത്തെ പഴവങ്ങാടി സ്റ്റാളിൽ ഒരുക്കുകയും ചെയ്തിട്ടുണ്ട്.

6. 2012-2013 വർഷത്തിൽ ജൈവജില്ലയായി പ്രഖ്യാപിച്ച കാസറഗോഡ് ജില്ലയിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കുകയും കർഷകരെ ബോധവൽക്കരിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും പഞ്ചായത്തുതലം മുതൽ ബോധവൽക്കരണ കാമ്പയിനുകൾ, ചർച്ചാക്ലാസ്സുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുകയും കർഷകർക്ക് നേരിട്ട് മനസ്സിലാക്കുന്നതിനായി കുരുമുളക് കൃഷി, കന്നുകുട്ടി പരിപാലനം, ഇടവിളകൃഷി, സമ്മിശ്രകൃഷി, നേന്ത്രവാഴകൃഷിക്ക്

ജൈവകീടനാശിനിയായ നൻമയുടെ ഉപയോഗം, ജീവാമൃതം, ജൈവവേലി, ബയോഗ്യാസ് പ്ലാന്റ് ഉള്ളവർക്ക് സ്ലറി പമ്പ്, മത്സ്യവളർത്തൽ എന്നിവയുടെ പ്രദർശനതോട്ടങ്ങൾ നിർമ്മിക്കുക എന്നിവയും ചെയ്തിട്ടുണ്ട്. കർഷകരുടെ അറിവുകൾ പരസ്പരം പങ്കുവയ്ക്കുന്നതിനായി ഓരോ കൃഷിഭവൻ പരിധിയിലും 100 മുതൽ 115 ഹെക്ടർ വരെ വിസ്തൃതിയുള്ള 287 ഓളം കർഷകരുടെ ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം നടക്കുന്നുണ്ടെന്നും കർഷകർക്ക് സ്വന്തം കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉൽപ്പാദിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുകവഴി 12000 റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളും 400 വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചിട്ടുണ്ടെന്നും ജൈവീക കീടനിയന്ത്രണം നടത്തുന്നതിന്റെ ഭാഗമായി ഒരു പാരസൈറ്റ് ഉൽപ്പാദനശാല പ്രവർത്തിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു.

7. എൻഡോസൾഫാൻ കീടനാശിനിയുടെ അമിതോപയോഗംമൂലമുണ്ടായ പരിസ്ഥിതിനാശത്തിന്റെ പശ്ചാത്തലത്തിലാണ് കാസറഗോഡ് ജില്ലയെ സംസ്ഥാനത്തെ ആദ്യജൈവജില്ലയായി പ്രഖ്യാപിച്ചതെന്നും 15000 ഓളം കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് കാസറഗോഡ് ജില്ലയിലെ ജൈവകൃഷി പദ്ധതി വിജയകരമായി മുന്നേറുന്നുവെന്നും സമിതി വീക്ഷിക്കുന്നു.

8. 2016 ഡിസംബർ മാസത്തോടുകൂടി കേരളത്തെ സമ്പൂർണ്ണ ജൈവകാർഷിക സംസ്ഥാനമാക്കി മാറ്റുകയെന്നതാണ് കേരളത്തിന്റെ കാർഷികമേഖല ലക്ഷ്യമിടുന്നതെന്നും എല്ലാ ജില്ലകളിലേക്കും ജൈവകൃഷി വ്യാപിപ്പിക്കുന്നതിന് സർക്കാർ പരമാവധി ശ്രമം നടത്തുന്നുണ്ടെന്നും പ്രസ്തുത പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു.

9. ജില്ലാടിസ്ഥാനത്തിലല്ലാതെ 140 നിയോജകമണ്ഡലങ്ങളിലും എം.എൽ.എ.മാരുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കണമെന്നും ആയതിലേക്കായി ഏകീകൃത രൂപത്തിലുള്ള ആക്ടിവിറ്റീസ് ചാർട്ട് തയ്യാറാക്കി എം.എൽ.എ.-മാർക്ക് നൽകണമെന്നും എം.എൽ.എ.-മാർ മുൻകൈയെടുത്തുകൊണ്ട് സമയബന്ധിതമായി വർക്ക്ഷെഡ്യൂൾ തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഓരോ ഏരിയയുടേയും ചാർജ് കൃഷി ഓഫീസർമാരെ ഏൽപ്പിക്കണമെന്നും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ എ.ഡി.എ.-മാർ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണമെന്നും 'നിറവ്' പദ്ധതിയുടെ മാതൃകയിൽ ജൈവകൃഷി പദ്ധതിയും നടപ്പിലാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

755/15

10. വിത്ത്, ജൈവവളം എന്നിവ ലഭ്യമാക്കുന്നതിനു വേണ്ടി വരുന്ന ചെലവ് സർക്കാർ വഹിക്കണം. അങ്ങനെ ചെയ്താൽ തുടർന്നുവരുന്ന വർഷങ്ങളിൽ കൂടുതൽ ചെലവുണ്ടാകുകയില്ലെന്നും നിർബന്ധമായും അതിനുള്ള ചെലവ് സർക്കാർ വഹിക്കുകയും പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക കൊടുക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും വേണമെന്നും ഇതിൽ ബാങ്കുകളെ കൂടി ഉൾപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു. പ്രാരംഭചെലവുകൾ സർക്കാർ വഹിക്കുന്നതിനുള്ള നിർദ്ദേശം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

11. കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കേണ്ടത് പ്രസ്തുത പദ്ധതിക്ക് ഏറ്റവും ആവശ്യമായിട്ടുള്ളതിനാൽ 'ഗോവർദ്ധിനി' പദ്ധതിയും ഇതിൽ ഉൾപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

12. പഞ്ചായത്ത് വകുപ്പിലുള്ള മഹാത്മാ ഗാന്ധി നരേഗാ (എം.ജി.എൻ.ആർ.ഇ.ജി.എ.) പദ്ധതിയിൽ കൃഷി ചെയ്യാത്ത ഭൂമി കൃഷി യോഗ്യമാക്കുന്നതിന് ലേബർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാണെന്നതിനാൽ പ്രസ്തുത പദ്ധതികൾ രണ്ടും ഒന്നിച്ച് കൊണ്ടുപോകുന്നത് ഉചിതമായിരിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു.

13. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികളിൽ 98 ശതമാനവും സ്ത്രീകളാണ്. കൃഷി ചെയ്യുന്നതിനായി ഭൂമി അവരെ ഏൽപ്പിക്കുകയാണെങ്കിൽ വളരെ കൃത്യതയോടെ അവർ കൃഷി ചെയ്യും. വേനൽക്കാലത്താണ് പച്ചക്കറി നന്നായി കൃഷി ചെയ്യുന്നത്. കൃഷി ചെയ്യുന്നതിന് ആവശ്യമായ ജലം ലഭിക്കുന്നില്ലെന്നതാണ് പ്രധാന പ്രശ്നം. ജലസേചന കനാലുകളിൽ നിന്നും ഇപ്പോൾ വെള്ളം ലഭിക്കുന്നില്ല. ആയതിനാൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ മൈക്രോ ഇറിഗേഷൻ ഉപയോഗപ്പെടുത്താവുന്നതാണെങ്കിലും ഇതിന് കൂടുതൽ സമയമെടുക്കും. അതിനുപകരം കൃഷി ചെയ്യുന്ന പ്രദേശത്തെ ഒരു കിണറ്റിൽ ചെറിയ പോർട്ടബിൾ പമ്പ്സെറ്റ് വച്ച് വെള്ളം വളരെവേഗത്തിൽ ലഭിക്കുന്നതിനുള്ള സംവിധാനമൊരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ആവശ്യം കഴിഞ്ഞാൽ പമ്പ് സെറ്റ് ഇളക്കി മാറ്റുകയും ചെയ്യാം. എത്രയും വേഗം വെള്ളമെത്തിച്ച് കൃഷി ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

14. കാസറഗോഡ് ജില്ലയിൽ ജൈവകൃഷി പദ്ധതി നടപ്പിലാക്കിയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആയത് പൈലറ്റ് പ്രോജക്ടായി എടുത്തുകൊണ്ട് സംസ്ഥാനത്തൊട്ടാകെ ജൈവകൃഷി പദ്ധതി നടപ്പിലാക്കണമെന്നും ആയതിലേക്കായി എം.എൽ.എ.മാരുടെ യോഗം വിളിച്ച് ചേർക്കുകയും നിർദ്ദേശങ്ങൾ കുറിപ്പായി നൽകുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആദ്യം എ.ഡി.എ.-മാർക്ക് വർക്ക്ഷോപ്പ് നടത്തിയതിനുശേഷം എം.എൽ.എ.മാരുടെ യോഗം ചേർന്ന് ചർച്ച നടത്തി എത്രയും വേഗം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. മണ്ണിനെയും ജലത്തെയും സംരക്ഷിക്കാൻ ജൈവകൃഷി കൂടിയേകഴിയൂ. വെറുംപ്രചരണ കോലാഹലങ്ങളിൽ മാത്രം ഒതുങ്ങിപ്പോകാതെ പ്രായോഗികതലത്തിൽ ഇത് വിജയിപ്പിക്കേണ്ടതുണ്ട്. മനുഷ്യന്റെ വർത്തമാനവും ഭാവിയും ഇനി നിശ്ചയിക്കുന്നത് ജൈവകൃഷിയാണ്.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2015 ജൂലൈ 2.